പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : 158

17.06.2013-ൽ മറുപടിക്ക്.

# തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. പി. ബി. അബ്ദുൾ റസാക്

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

: (എ) തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ അനുവദിച്ച 8 പോലീസ് സ്റ്റേഷനുകൾക്ക് പുറമേ രണ്ടാം ഘട്ടത്തിൽ 10 പോലീസ് സ്റ്റേഷനുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒന്നാംഘട്ടമായി 24 ഇന്റർസെപ്റ്റർ ബോട്ടുകൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്ക്കർ എന്നിവയുടെ 48 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർ, സീനിയർ സിവിൽ പോലീസ് ഓഫീസർ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നീ റാങ്കിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് കോസ്റ്റ്ഗാർഡ് ട്രെയിനിംഗ് സെന്ററിൽവച്ച് പരിശീലനം നൽകുന്നുണ്ട്. കൂടാതെ തീരദേശവാസികളുമായി സഹകരിച്ച് കടലോര ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

: (ബി) മൂന്നാം ഘട്ടത്തിൽ ആറ് സ്ഥലങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(മറുപുറം)

(സി) തീര സുരക്ഷ കുറ്റമറ്റതാക്കുന്നതിന് തീരദേശ വാസികളും പോലീസും തമ്മിലുള്ള ഏകോപനത്തിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

: (സി) തീരദേശവാസികളും, മത്സ്യത്തൊഴിലാളികളും പോലീസും തമ്മിലുള്ള ഏകോപനത്തിനായും, തീരദേശ സുരക്ഷാ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിനും, സാമൂഹ്യവും, സാമുദായികവും, ആരോഗ്യകരവുമായ പ്രശ്നങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ജില്ലാതലത്തിലും പ്രാദേശികതലത്തിലുമായി കടലോര ജാഗ്രതാ സമിതികളും കായലോര ജാഗ്രതാ സമിതികളും രൂപീകരിച്ചിട്ടുള്ളത്. അതു കാര്യക്ഷമമായി പ്രവർത്തിക്കാൻ സമിതി അംഗങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതും നിലവിലെ സുരക്ഷാ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്യപ്പെടുന്നതും, കടലിൽക്കൂടിയുള്ള കടന്നുകയറ്റം തടയുന്നതിന് അപരിചിതരായുള്ള ആളുകളുടെയും, യാനങ്ങളുടെയും സാന്നിദ്ധ്യവും തിരിച്ചറിഞ്ഞ് വിവരങ്ങൾ അധികൃതരെ യഥാസമയം അറിയിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ